**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4188** **18-07-2022 - ൽ മറുപടിയ്ക്ക്**

**വിദ്യാശ്രീ പദ്ധതിയിൽ കെട്ടിക്കിടക്കുന്ന ലാപ്ടോപ്പുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സനീഷ്കുമാർ ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വിദ്യാശ്രീ പദ്ധതി മുഖേന വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിരുന്ന ലാപ്ടോപ്പുകളുടെ എണ്ണം വ്യക്തമാക്കുമോ; | (എ) | 5,00,000 ലാപ്ടോപ്പുകളാണ് വിദ്യാശ്രീ പദ്ധതി മുഖേന വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി വഴി വിതരണം ചെയ്യുന്നതിനായി എത്ര ലാപ്ടോപ്പുകൾക്ക് ഓർഡർ നൽകിയിരുന്നുവെന്നും എത്രയെണ്ണം ലഭിച്ചിട്ടുണ്ടെന്നും ഓർഡർ ചെയ്തതിന്റെയും ലഭിച്ചതിന്റെയും തീയതി അടക്കം വിശദമാക്കുമോ; | (ബി) | ഓർഡർ നൽകിയ ലാപ്ടോപ്പുകളുടെ എണ്ണം – 61981 ലഭിച്ച ലാപ്ടോപ്പുകളുടെ എണ്ണം 59286 |
| (സി) | 2021 ഓഗസ്റ്റിൽ പ്രസ്തുത പദ്ധതി പുനഃക്രമീകരിച്ചതിനെ തുടർന്ന് പൊതുവിപണിയിൽ നിന്ന് ലാപ്ടോപ്പും ടാബും വാങ്ങിയ ബിൽ ഹാജരാക്കി എത്ര പേർ തുക കൈപ്പറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | പൊതുവിപണിയിൽ നിന്നും ലാപ്ടോപ്പും ടാബും വാങ്ങുന്നതിന് 1446 പേർക്ക് പണം നൽകിയിട്ടുണ്ട്. |
| (ഡി) | യഥാസമയം വിതരണം ചെയ്യുവാൻ സാധിക്കാത്തത് മൂലം ഉപഭോക്താക്കൾ വേണ്ടെന്ന് വച്ചതിനെ തുടർന്ന് എത്ര ലാപ്ടോപ്പുകൾ കെ.എസ്.എഫ്.ഇ.-യിൽ കെട്ടിക്കിടക്കുന്നുണ്ടെന്ന് അറിയിക്കുമോ; | (ഡി) | വിവിധ മേഖലാ ഓഫീസുകളിൽ യഥാസമയം വിതരണം ചെയ്യുവാൻ സാധിക്കാതെ 4097 ലാപ്ടോപ്പുകൾ സൂക്ഷിച്ചിട്ടുണ്ട്. |
| (ഇ) | ഉപഭോക്താക്കൾ വേണ്ടെന്ന് വച്ച പ്രസ്തുത ലാപ്ടോപ്പുകൾ മറ്റേതെങ്കിലും പദ്ധതിക്ക് കൈമാറിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം പദ്ധതിക്ക് എത്ര എണ്ണം കൈമാറിയെന്ന് വിശദമാക്കുമോ; | (ഇ) | സർക്കാരിന്റെ വിദ്യാകിരണം പദ്ധതിക്ക് വേണ്ടി 45313 ലാപ്ടോപ്പുകൾ കൈമാറിയിട്ടുണ്ട്. |
| (എഫ്) | കെട്ടിക്കിടക്കുന്ന ലാപ്ടോപ്പുകൾ വിൽക്കുന്നതിനായി തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (എഫ്) | ഉണ്ട്. ശേഷിക്കുന്ന ലാപ്ടോപ്പുകളുടെ ഉചിതമായ ഉപയോഗം ഉറപ്പു വരുത്തുന്നതിനായി സർക്കാർ ഉത്തരവ് GO(Rt) No. 504/2022/Taxes dt. 25/06/2022 പ്രകാരം കമ്പനിയുടെ ആവശ്യങ്ങൾക്കും, അതു കഴിച്ച് ബാക്കി വരുന്ന ലാപ്ടോപ്പുകൾ വില ഈടാക്കി ജീവനക്കാർക്ക് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ